പയൽസ്ഥാനം, നൈറ്റ്സ്കൂൾ, വായനശാല, ശ്മശാനം എന്നിവ സ്ഥാപിച്ചിട്ടുണ്ട്; എവിടെയെല്ലാം;

(ബി) പട്ടികജാതിക്കാരുടെയും, ഗിരിവർഗ്ഗക്കാരുടെയും, പിന്നോക്കസമുദായക്കാരുടെയും വിദ്യാഭ്യാസാനുകൂല്യത്തിനു് ഇന്നുതുക ചെലവായിട്ടുണ്ട്; ഓരോ വിഭാഗത്തിന്റെയും ചെലവെന്തു്?

ഉത്തരം.

(എ) 1955-56 സാമ്പത്തിക വർഷത്തിൽ പിന്നോക്കസമുദായ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പുതുതായി 3 കാമൺ ബിൽഡിംഗ്സും, 7 പയൽസ്കൂളുകളും, 45 വായനശാലകളും, 9 ശ്മശാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. അവയുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിരിക്കുന്നു. *

(ബി) പട്ടികജാതിക്കാരുടെയും ഗിരിവർഗ്ഗക്കാരുടെയും പിന്നോക്കസമുദായക്കാരുടെയും വിദ്യാഭ്യാസാനുകൂല്യത്തിനു് 24-2-1956 വരെ 9,89,972 രൂപ ചെലവായിട്ടുണ്ട്. ഓരോ വിഭാഗത്തിനും ചെലവായ സംഖ്യകളുടെ കണക്കു് പ്രത്യേകം എടുത്തിട്ടില്ല.

Anglo-Indians in Medical Department.

39. [4] SHRI A. A. D. LUIZ: Will the Minister for Health be pleased to state whether any Anglo-Indian has been entertained in the Government Medical Department during the period March 1953 to March 1954?

Answer.

Yes.

പോലീസ് ഇൻസ്പെക്ടരന്മാരെപ്പറ്റിയുള്ള പരാതി.

40. [8] ശ്രീ. എൻ. ജി. മാധവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) മാവേലിക്കര പോലീസ് സബ് ഇൻസ്പെക്ടർ, തിരുവല്ലാ സബ് ഇൻസ്പെക്ടർ ഒരുമിച്ചു് മാവേലിക്കര ആനന്ദഭവനം മി. എ. ജി. തോമസ്സിന്റെ ഭവനം Raid ചെയ്കയും പല ക്രമക്കേടുകളും അവിടെ ചെയ്കയും മറവു ചെയ്തതിനെ ആസ്പദമാക്കി എന്തെങ്കിലും പരാതി മി. എ. ജി. തോമസ്സിൽനിന്നും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു് നടപടി എടുത്തിട്ടുണ്ടു്;

(സി) ഈ അക്രമം കാണിച്ച പോലീസ് ഉദ്യോഗസ്ഥന്മാരെ മാതൃകയാംവണ്ണം ശിക്ഷിക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പരാതി അന്വേഷണത്തിലിരിക്കുന്നു.

(സി) പരാതി വാസ്തവമാണെന്നു് ബോദ്ധ്യപ്പെട്ടാൽ കുറ്റക്കാരായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതാണു്.

* Please See Appendix VII.

LIBRARY ARCHIVES Kerala Legislative Assembly